പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1884 — 01.11.2019-ലെ മറുപടിക്ക്

## കാട്ടാക്കട കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നുള്ള മലിനജലം

ചോദ്യം — ശ്രീ.ഐ.ബി. സതീഷ്

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാട്ടാക്കട കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നുള്ള മലിനജലം പൊതുമരാമത്ത് റോഡിലെ ഓടയിലേയ്ക്ക് ഒഴുക്കിവിടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | താൽക്കാലിക പരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മലിനജലം പൊതുമരാമത്ത് ഓടവഴി കളത്തുമ്മൽ തോടിലേയ്ക്ക് ഒഴുകി എത്തുന്നത് തടയണമെന്ന പൊതുജനാവശ്യത്തിന്മേൽ അടിയന്തര നടപടി സ്വീകരിയ്ക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചാൽ മാത്രമേ ശാശ്വത പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ. ടി പ്രവൃത്തിക്ക് ഏകദേശം 30 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കെ.എസ്.ആർ.ടി.സിയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ടി തുക കണ്ടെത്താൻ കഴിയുന്നില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ പ്രവൃത്തി അടിയന്തരമായി ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**